# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെടുമുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 1 - 677/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 07/08/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമുടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 1 - 677/2024 തീയ്യതി: 07/08/2024

# ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-05-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ.ബി | ഡെപ്യൂട്ടി ഡയറക്ടർ | 25-06-2024 | 11-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-06-2024 | 29-06-2024 |
| 08-07-2024 | 11-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി.സാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീദേവി.ആർ,അസി.ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി,സീനീയർ ഗ്രേഡ് ഓഡിറ്റർ
ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.മിനി മൻമദൻ നായർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ബിജു കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലോലിത കുമാരി | കൃഷി ഓഫീസർ | 01-04-2023 | 31-07-2023 |
| ശ്രീമതി.അജിന സലീം | കൃഷി ഓഫീസർ | 01-08-2023 | 31-03-2024 |
| ഡോ. ദീപ എൽ | വെറ്ററിനറി സർജൻ | 01-04-2023 | 31-12-2023 |
| ഡോ. രതീഷ് ബാബു | വെറ്ററിനറി സർജൻ | 01-01-2024 | 31-03-2024 |
| ഡോ.നജുമുദ്ദീൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2023 | 17-06-2023 |
| ഡോ.ലക്ഷമി കൃഷ്ണൻ.ജെ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 18-06-2023 | 31-03-2024 |
| ഡോ.ധന്യ.സി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രമീള.എം | ഐ.സി.ഡി.എസ്,സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.റജി ആർ.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ. രശ്മി എസ് | അസി.എൻജിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ലീന കെ നായർ റ്റി | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രജിഷാകുമാരി റ്റി.എസ് | വി.ഇ.ഒ നെടുമുടി സൌത്ത് | 01-04-2023 | 23-08-2023 |
| ശ്രീമതി.സുമ പി | വി.ഇ.ഒ നെടുമുടി സൌത്ത് | 24-08-2023 | 31-03-2024 |
| ശ്രീ.ഷെനിമോൻ.എസ് | വി.ഇ.ഒ നെടുമുടി നോർത്ത് | 01-04-2023 | 11-11-2023 |
| ശ്രീമതി.ആശ.കെ.ആർ | വി.ഇ.ഒ നെടുമുടി നോർത്ത് | 12-11-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല. | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ലേലം രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ഡിപ്പോസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വികസന ഫണ്ട് (എസ് സി പി)യുടെ എ സി ആർ പ്രകാരമുള്ള ചെലവ്ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ഫ്യുവൽ സ്റ്റേഷന്റെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തുന്നില്ല | 1-10 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല | 1-11 |
| 21 | മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്- അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല | 1-12 |
| 22 | ആരോഗ്യ ഗ്രാന്റ്- CHC യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കൽ- നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണം | 1-13 |
| 23 | ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായില്ല | 1-14 |
| 24 | വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല | 1-15 |
| 25 | ഐ കെ എം ന് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-16 |
| 26 | ലൈഫ്- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 27 | മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗ്രാവൽ ഉപയോഗിച്ചുള്ള മൺപ്രവൃത്തികൾ മാത്രമാകുന്നു - ദീർഘ കാല അടിസ്ഥാനത്തിലുള്ള ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല - | 1-18 |
| 28 | കമ്മിറ്റി തീരുമാനം പ്രകാരം അധികം അനുവദിച്ച കാലാവധിയ്ക്കുള്ളിലും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കിയില്ല- | 1-19 |
| 29 | നിർജ്ജീവമായിക്കിടക്കുന്ന എസ്സ്എസ്സ്എ അക്കൌണ്ടിൽ തുക വർഷങ്ങളായി തിരിച്ചടയ്ക്കാതെ അവശേഷിക്കുന്നു- | 1-20 |

| | | |
|---|---|---|
| 30 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ-ഒരു അവലോകനം- | 1-21 |
| **ഭാഗം 2** | | |
| 1 | ഫ്യുവൽ സ്റ്റേഷന്റെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തുന്നില്ല-19,805/- രൂപയുടെ വരുമാന നഷ്ടം | 2-1 |
| **ഭാഗം 3** | | |
| 1 | കമ്മിറ്റി തീരുമാനം പ്രകാരം അധികം അനുവദിച്ച കാലാവധിയ്ക്കുള്ളിലും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കിയില്ല- | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.05.2024-ലെ (1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല.**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (9399378) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [(-) 3212010] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-4 ലേലം രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

ലേലം രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും, ബാലൻസും വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റും ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-5 ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല**

ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനായില്ല.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

**1-1-7 ഡിപ്പോസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല**

രജിസ്റ്റർ പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പടുന്നില്ല. അദർ ഡെപ്പോസിറ്റ് ഇനത്തിൽ രജിസ്റ്റർ പ്രകാരം വരവ്-10108/- എന്നാൽ RP-33 പ്രകാരം വരവ്-11108/-. കൂടാതെ കോൺട്രാക്ടേഴ്സ് റീടെൻഷൻ രജിസ്റ്റർ പ്രകാരം വരവ്-123913/- എന്നാൽ RP-33 പ്രകാരം വരവ്-99402/-

**1-1-8 B-18 ഷെഡ്യൂളിൽ രേഖപ്പടുത്തിയിട്ടുള്ള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

2022-23 വർഷത്തെ Balance Sheet B-18 ഷെഡ്യൂൾ പ്രകാരം Adance To Implementing Agencies- Deposit With Ground Water Department എന്ന ഹെഡ്ഡിൽ 4482172/- രൂപ ഉണ്ടായിരുന്നു. 2023-24 വർഷം സ്ഥാപനത്തിന് നൽകിയിട്ടുള്ളത് 124452/- രൂപയാണ്. (ആകെ- 4606624) എന്നാൽ 2023-24 വർഷത്തെ Balance Sheet B-18 ഷെഡ്യൂൾ പ്രകാരം 6796780/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-1-9 വികസന ഫണ്ട് (എസ് സി പി)യുടെ എ സി ആർ പ്രകാരമുള്ള ചെലവ്ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല**

Development Fund - SCP യുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ 4693768/- രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക എന്നിവയിലെ ചെലവ് 4690231/- രൂപയാണ്. ഇവ തമ്മിൽ 3537/-രൂപയുടെ വ്യത്യാസമുണ്ട്.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 22/03/2023 തീയതിയിലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 21,60,30,332 | 21,07,72,000 |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 13,80,48,511 | 14,17,89,571 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,61,79,626 |
| വരവ് | 3,40,40,609 |
| ആകെ | 5,02,20,235 |
| ചെലവ് | 3,72,52,619 |
| നീക്കിയിരിപ്പ് | 1,29,67,616 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 2485149 | 14721851 | 17207000 | 13159845 | 4047155 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 373445 | 4358553 | 4731998 | 4693768 | 38230 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് BASIC | 1819956 | | 2927730 (Interest-78730) | 4747686 | 2260356 | 2487330 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് TIED | 1110440 | | 2137000 | 3247440 | 2431554 | 815886 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | | 10900500 | 10900500 | 5540517 | 5359983 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | | 1785400 | 1785400 | 1785400 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| **134** | **8,45,39,789** | **56** | **4,09,16,663** | **36** | **42** | **68 %** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8,960 | 11,62,781 | 11,71,741 | 11,71,741 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,23,96,479 | 5,23,96,479 | 5,23,96,479 | 0 |
| ആകെ | 8,960 | 5,35,59,260 | 5,35,68,220 | 5,35,68,220 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പേര് | ചെലവ് | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,51,62,000 | 1,315 |
| വിധവ പെൻഷൻ | 58,85,300 | 514 |
| വാർദ്ധക്യ കാല പെൻഷൻ | 1,21,98,600 | 1,101 |
| വികലാംഗ പെൻഷൻ | 26,88,900 | 228 |
| അവിവാഹിത പെൻഷൻ | 6,11,400 | 55 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.2024 തീയതിയിൽ 03:15 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 16,550/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് ആഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതല മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഭൂരിഭാഗം പ്രവർത്തികളുടെ ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല.

3) തൊഴിൽ നികുതി, ആയത് ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം ആളുകളിൽനിന്നും ഈടാക്കാത്തതിനാലും, കടത്ത് ലേലം തുടങ്ങിയ പ്രധാന തനത് വരുമാനങ്ങൾ പൂർണ്ണമായും പിരിച്ചടുക്കാത്തതിനാലും, സ്വതവെ തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തനത് വരുമാനത്തിൽ കുറവുണ്ടാകുന്നു.

4) വിവിധ വാങ്ങലുകളുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുക്കുന്നതിനായി പ്രൊക്യുർമെന്റ് കമ്മിറ്റി തൻവർഷം രണ്ടു തവണ കൂടിയിട്ടുണ്ടെങ്കിലും, എവിടെ നിന്ന് വാങ്ങണമെന്നതോ, വാങ്ങിയവയുടെ ഗുണനിലവാരം എന്നിവ പരിശോധിച്ചുറപ്പാക്കിയതോ രേഖപ്പെടുത്തിയിട്ടില്ല.

5.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം ഒരു ഓഫീസിലെ ഫർണിച്ചർ, ബുക്സ് & സ്റ്റേഷനറി, ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടത്തുന്ന വകുപ്പുകളിൽ ഉപയോഗിക്കുന്ന

അസംസ്കൃത വസ്തുക്കൾ, തുടങ്ങിയവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഇപ്രകാരം സ്റ്റേഷനറി, കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫർണിച്ചറുകൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കംപ്യൂട്ടറുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കുമായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ വാറന്റിയുടെ വിവരം, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

7) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന – ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-10 ഫ്യുവൽ സ്റ്റേഷന്റെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തുന്നില്ല**

ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതി ചുമത്തിയത് ക്രമപ്രകാരമല്ല. സെയിൽ റൂമിന് മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയെയും വസ്തുനികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കി.

പെട്രോൾ പമ്പുകളുടെ കനോപ്പി ഏരിയ വസ്തു നികുതി കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണെന്ന് കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് നല്കിയ WP(C) No.24944/2003 കേസിന്മേൽ ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. SRO-നമ്പർ-479/2023 സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളെ വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 100 ച:മീറ്ററിന് മുകളിൽ 500 ച:മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 69/- രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിൽ ശ്രീ.ശിവപ്രകാശ്.കെ.ആർ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 2023-24 വർഷത്തിൽ പ്രവർത്തനം ആരംഭിച്ച ചിത്രാ ഫ്യുവൽസ് (കെട്ടിട നം: 11/341C) എന്ന ഫ്യുവൽ സ്റ്റേഷന്റെ യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയേയും വസ്തുനികുതി അസസ്സ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി നികുതി ചുമത്തുന്നില്ലായെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.07/23-24 തീയതി-02-06-24) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) സ്ഥല പരിശോധന നടത്തി ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി 208 ച:മീറ്ററാണെന്ന് രേഖാമൂലം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 100 ച:മീറ്ററിന് മുകളിൽ 500 ച:മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട 69/- രൂപ നിരക്കിൽ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ 19,805/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കനോപ്പി ഏരിയയ്ക്കു അധികമായി ഈടാക്കേണ്ട നികുതി |
|---|---|
| അടിസ്ഥാന വസ്തുനികുതി | 208$^{m2}$ @69 = 14,352/- |
| വഴി സൌകര്യം | (+) 2,870<br>(20% വർദ്ധനവ്) |
| നികുതി | 17,222/- |
| ലൈബ്രറി സെസ് 5% | (+) 861 |
| സർവീസ് ചാർജ്ജ് 10% | (+) 1722 |
| ആകെ | 19,805/- |

2023-24 ൽ ഫ്യുവൽ സ്റ്റേഷന്റെ ഓഫീസ് കെട്ടിടത്തിന്റെ മാത്രം വസ്തുനികുതിയാണ് അസസ്സ് ചെയ്ത് നികുതി ഈടാക്കിയത്. 2023-24 ൽ നികുതി അസസ്സ് ചെയ്ത ടി ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി കണക്കാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് 19,805/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. തൽസ്ഥിതി തുടർന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റിൽ 2023-24 വർഷത്തെ വസ്തുനികുതിയുടെ 5% മാത്രമാണ് സഞ്ചയയിൽ വർദ്ധനവ് ഉണ്ടാകുകയുള്ളൂ. അസെസ്മെന്റ് കൃത്യമാക്കാതെ മുന്നോട്ട് പോയാൽ മുൻ സാമ്പത്തിക വർഷം ഈടാക്കിയ തുകയുടെ 5% വർദ്ധനവ് മാത്രമേ പഞ്ചായത്തിനു സഞ്ചയയിൽ ഡിമാന്റാവുകയുള്ളു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/06.07.24) ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി അസസ്സ് ചെയ്ത് 2023-24 വർഷം കുറവ് വന്ന തുക ഉടമസ്ഥനിൽ നിന്നും ഡിമാന്റ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് അധികമായി ഈടാക്കേണ്ട തുക ഡിമാന്റ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-11 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ 2023-24 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരുടെ പേര്/ മേൽവിലാസം |
|---|---|
| 1 | ഹരീഷ്, ഹരിഭവൻ |
| 2 | സനീഷ്,<br>കുഴിയിൽ ഹൌസ് |
| 3 | വർഗ്ഗീസ് എബ്രഹാം, വെട്ടിക്കാടു ഹൌസ് |
| 4 | പി.ജെ.ജോസഫ്, മുണ്ടപ്പാടം, പുളിങ്കുന്ന് |
| 5 | ഹരികൃഷ്ണൻ, ലക്ഷ്മിസദനം |
| 6 | തോമസ് തോമസ്, മങ്കൊമ്പ് |

| | |
|---|---|
| 7 | ബിജു.കെ.പി, പുത്തൻ വീട്, നെടുമുടി |
| 8 | ജോസഫ് കുഞ്ചറിയ, |
| 9 | എ.പി ജയദേവൻ |
| 10 | ജോസ് തോമസ് |
| 11 | അലക്സ് പത്രോസ് |
| 12 | വിനോദ്. ആർ |
| 13 | പയസ്.ഡി |
| 14 | വർഗീസ് എബ്രഹാം |
| 15 | സജീമോൻ.ഇ.ബി |

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ടി കരാറുകാരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. ഈ കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/01-07-2024) മറുപടി ലഭിച്ചില്ല. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്- അനുവദനീയമായ തുക പൂർണ്ണമായും വിതരണം ചെയ്യപ്പെടുന്നില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 വർഷം നടപ്പിലാക്കിയ മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ (പ്രോജക്ട് നം: 36/2023-24) ചെലവ് രേഖകൾ പ്രകാരം തൻവർഷം 11,16,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 51 കുട്ടികൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, സർക്കാർ ഉത്തരവു പ്രകാരം സ്ക്കോളർഷിപ്പ് ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന തുക 28,500/- രൂപയാണെന്നിരിക്കെ, പല കുട്ടികൾക്കും ആനുകൂല്യം ഭാഗികമായി മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണാം. ഇപ്രകാരം ഭാഗികമായി മാത്രം ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുള്ള മാനസിക വെല്ലുവിളി നേരിടുന്ന ചില കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ചു നൽകിയ തുക. |
|---|---|---|
| 1. | ആരോമൽ സത്യൻ | 23500/- |
| 2. | ടോൺസി ടോമി | 23500/- |
| 3. | അർച്ചന കെ.പ്രസാദ് | 23500/- |
| 4. | ശില്പ സിബി | 23500/- |
| 5. | ജോസഫ് ജോൺസൺ | 23500/- |
| 6. | ആൽബിൻ ഷാജി | 23500/- |
| 7. | ഷെബിൻ ജോട്ടിൻ ജോൺ | 23500/- |
| 8. | കാശിനാഥ്.ആർ | 23500/- |
| 9. | ബിനോയ്.പി.ഷാജി | 23500/- |
| 10. | മറിയം തോമസ് | 23500/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-01-2019 ലെ സർക്കുലർ നം.ഡി.എ -1/19/2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്ക്കാളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഈ പദ്ധതിയുടെ അടങ്കൽ തുകയായ 16,25,000/- രൂപയായിരുന്നു. ഇതിൽ 10,25,000/- രൂപ പൊതുവിഭാഗം സാധാരണ വിഹിതവും, 2,50,000/-രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും, 3,50,000/- രൂപ ബ്ലോക്ക് വിഹിതവും ആയിരുന്നു. എന്നാൽ തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി 1,62,500/-രൂപയും ബ്ലോക്ക് വിഹിതമായി 3,00,000/- രൂപയും മാത്രമാണ് അനുവദിച്ചത്. ഇത്തരം പദ്ധതികൾക്ക് വകയിരുത്തുന്ന തുക അതാത് തദ്ദേശ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നുണ്ടെന്നും, ആയത് പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 1-13 ആരോഗ്യ ഗ്രാന്റ്- CHC യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കൽ- നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കാതെയുളള പദ്ധതി നിർവ്വഹണം

പ്രോജക്ട് നമ്പർ – S0134/23-24

ചെമ്പുംപുറം CHC യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കൽ-

അടങ്കൽ-794000

ചെലവ് -46750 ബിൽ റികിസിഷൻ നം. 5045500401230004/01-06-23

ചെലവ്-22800 -ബിൽ റികിസിഷൻ നം. 50455004012300015/01-06-23

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

ചെമ്പുംപുറം സി.എച്ച്.സി യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കാനും ലാബ് ഉപകരണങ്ങൾ വാങ്ങുവാനുമായാണ് ടി പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. എന്നാൽ പ്രോജക്ട് നടപ്പാക്കിയത് വേണ്ടത്ര ആസൂത്രണമോ ദീർഘ വീക്ഷണമോ ഇല്ലാതെയാണ്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി യിലെ ലാബിലേയ്ക്ക് കബോർഡ് നിർമ്മിയ്ക്കുനായി 14-05-23 ൽ ക്വട്ടേഷൻ ക്ഷണിയ്ക്കുകയും ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത സെന്റ് മാർട്ടിൻ ഹാർഡ് വെയേഴ്സ് എന്ന സ്ഥാപനത്തിന് പ്രവൃത്തി നൽകുകയും, പ്രവൃത്തി പൂർത്തികരിച്ച ഇനത്തിൽ 01-06-23 ൽ 46750/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ ലാബിൽ വീണ്ടും കബോർഡ് ചെയ്യുവാനായി 01-07-23 ൽ ക്വട്ടേഷൻ ക്ഷണിയ്ക്കുകയും കുറഞ്ഞ തുക കോട്ട് ചെയ്ത ശ്രീ.സന്തോഷ്കുമാർ.പി എന്നയാൾക്ക് പ്രവൃത്തി നൽകുകയും 01/08/23 ൽ പ്രവൃത്തി പൂർത്തീകരിച്ച ഇനത്തിൽ 22800/- രൂപ ടി യാൾക്ക് നൽകുകയും ചെയ്തിട്ടുണ്ട് ഒരേ പ്രോജക്ടിന്റെ ഭാഗമായി, ഒരേ സ്ഥലത്ത് ചെയ്ത ഒരേ സ്വഭാവമുള്ള ജോലിയ്ക്ക പൊതുവായി ഒരു ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നൽകുന്നതിന് പകരം, രണ്ട് ക്വട്ടേഷനുകളിലായി പ്രവൃത്തി ചെയ്യിക്കുകയാണുണ്ടായത്. ഈ പ്രവൃത്തിയിലുണ്ടാവേണ്ടിയിരുന്ന ലാഭം ഇതു മൂലം നഷ്ടമാവുകയാണുണ്ടായത്.

2) രണ്ട് പ്രവൃത്തികൾക്കും എസ്റ്റിമേറ്റും, വാല്യുവേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ഇല്ലാതെ ക്വട്ടേഷൻ എങ്ങനെ ക്ഷണിച്ചു എന്നതും, വാലുവേഷനില്ലാതെ എപ്രകാരമാണ് ചെലവ് തുക കണക്കാക്കി, കരാറുകാരന് തുക നൽകിയതെന്നും വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/28-06-24 ന് ലഭ്യമാക്കിയ മറുപടിയിൽ ടെക്നിയ്ക്കൽ എക്സ്പേർട്ടിൽ നിന്നും ഒരു ലക്ഷത്തിൽ താഴെ ചെലവ് ഉറപ്പാക്കിയതിനാൽ ക്വട്ടേഷൻ നടപടികളിലൂടെ ഏറ്റവും കുറവ് തുകയ്ക്ക് ക്വട്ടേഷൻ നൽകി ഉറപ്പിയ്ക്കുകയായിരുന്നു എന്നാണ് അറിയിച്ചത്. ടി മറുപടി അംഗീകരിയ്ക്കാവുന്നതല്ല, പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികളുടെ ടെക്നിയ്ക്കൽ എക്സ്പേർട്ട് എന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരാണെന്നിരിയെ്ക്ക ഏത് ടെക്നിയ്ക്കൽ എക്സ്പെർട്ടിനെകൊണ്ടാണ് ടി പ്രവൃത്തിയുടെ ചെലവ് ഉറപ്പാക്കിയതെന്നത് വ്യക്തമല്ല. മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ഓവർസീയർ/

എഞ്ചിനീയർ വാല്യുവേഷൻ നടത്തേണ്ടതാണ്, എന്നാൽ ഇവരിൽ നിന്നുമുള്ള വാല്യുവേഷൻ/ കംപ്ളീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. കുറഞ്ഞ വിഹിതം മാത്രം ലഭ്യമാകുന്നതിനാൽ ആരോഗ്യഗ്രാന്റിന്റെ വിനിയോഗം അതീവ ശ്രദ്ധയോടെയായിരിയ്ക്കണം. ഫണ്ട് ചെലവഴിയ്ക്കാനായി മാത്രം ദീർഘവീക്ഷണമില്ലാതെ തിടുക്കപ്പെട്ട്, ആസൂത്രണമില്ലാതെ പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്നും അകന്ന് മാറുന്നതിനോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. എസ്റ്റിമേറ്റും വാല്യുവേഷനുമില്ലാതെ പദ്ധതി കട്ടഷൻ ക്ഷണിച്ച് നടപ്പാക്കുകയും ഒരു സ്ഥലത്ത് ചെയ്യേണ്ട,ഒരേ സ്വഭാവുള്ള ജോലി രണ്ടായി വിഭജിച്ച് ചെയ്ത് പദ്ധതിയുടെ സുതാര്യതയും ലാഭവും നഷ്ടമാക്കിയതിനാലും, ഗവ.മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ പദ്ധതി നടപ്പാക്കിയതിനാലും ടി പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 69550/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-14 ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായില്ല</u>**

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പിലാക്കിയ ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 75,000/- രൂപ ഔഷധി (ദി ഫാർമസ്യൂട്ടിയ്ക്കൽ കോർപ്പറേഷൻ(ഐ.എം) കേരള ലിമിറ്റഡ്) യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം -913005900000015) ട്രാൻസ്റ്റർ ചെയ്ത് സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ S0024/23-24
പ്രോജക്ട് – ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ
അടങ്കൽ -7,50,000(മെയിന്റനൻസ് ഫണ്ട് റോഡിതരം)
ഇൻവോയ്സ് നമ്പർ -200173/ 01-04-23
ചെലവ്-75,0000/-
ട്രഷറി ബിൽ ബി.ആർ.എൻ നം. 23060452017301068663/15-01-24

എന്നാൽ ഇതു വരെയും 741694/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളു. ബാക്കി തുകയുടെ (8306/-) ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/25-06-24 ന് നൽകിയ മറുപടിയിൽ ഔഷധിയിൽ മരുന്നുകളുടെ ഉൽപ്പാദനം താമസിച്ചതിനാലാണ് മരുന്നുകൾ ലഭ്യമാകാത്തതെന്നും ഔഷധങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നത് വരെയും ലഭിക്കുവാനവശേഷിക്കുന്ന മരുന്നിന്റെ വിലയായ 8306/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-15 വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല</u>**

പ്രോജക്ട് നം. S0043/24

പ്രോജക്ടിന്റെ പേര് - വീട് വാസയോഗ്യമാക്കൽ (ജനറൽ)

നിർവ്വഹണം - വി ഇ ഒ

അടങ്കൽ -2400000 (വികസന ഫണ്ട് )

ചെലവ്- 1600000

(എ) അർഹമായ കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണികൾ ചെയ്ത് വാസയോഗ്യമാക്കുന്നതിന് സഹായം നൽകുന്ന പ്രോജക്ടിൽ 52 കുടുംബങ്ങൾക്കാണ് സഹായം നൽകിയിട്ടുള്ളത്. 27 പേർ പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കി തുക കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ 16 പേർക്ക് 2024 മാർച്ചിന് ശേഷം പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും ഫണ്ട് ഇല്ലാത്തതിനാൽ ബാക്കി തുക നൽകിയിട്ടില്ല. എന്നാൽ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് | നൽകിയ തുക/തീയതി |
|---|---|---|
| 1 | സന്ധ്യ രഘു, വാർഡ് -15 | 20000/-/20.11.23 BRN6900812720 |
| 2 | ശാന്തകുമാരിയമ്മ, വാർഡ് -5 | 20000/-/20.11.23 BRN6900812720 |
| 3 | ഗോപാലകൃഷ്ണൻ, വാർഡ് -8 | 20000/-/20.11.23 BRN6900812720 |
| 4 | സെബാസ്റ്റ്യൻ,വാർഡ് -14 | 20000/-/20.11.23 BRN6900812720 |
| 5 | സന്തോഷ് ആർ മേനോൻ, വാർഡ് -8 | 20000/-/28.11.23 BRN6900848249 |
| 6 | ഈത്താമ്മ, വാർഡ് -5 | 20000/-/24.03.24 BRN6901517023 |
| 7 | മോഹനം, വാർഡ് -5 | 20000/-/24.03.24 BRN6901517023 |
| 8 | ആനന്ദവല്ലി, വാർഡ് -11 | 20000/-/24.03.24 BRN6901517023 |
| | ആകെ | 1,60,000/- |

അഡ്വാൻസ് കൈപ്പറ്റിയ മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/08.07.24) പ്രവൃത്തി പെട്ടെന്ന് പൂർത്തീകരിക്കാൻ ഇവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത ഗുണഭോക്താക്കളുടെ വീട് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കും വരെ മുൻകൂർ നൽകിയ 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി)<u>ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റായില്ല</u>.

12-ാം വാർഡിലെ ശ്രീ.മനോജ് എന്ന ഗുണഭോക്താവിന് 28.11.23 ലെ BRN 6900848249 പ്രകാരം അനുവദിച്ച 20000/-രൂപ ടിയാളുടെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല. ഗുണഭോക്താവിന്റെ അക്കൗണ്ട് ആക്ടീവ് അല്ലാത്തതിനാൽ കൈമാറാനാകാതിരുന്ന തുക ട്രഷറിയിൽ നിന്ന് ബന്ധപ്പെട്ട ഹെഡ്ഡിലേയ്ക്ക് തിരികെ ക്രഡിറ്റ് ആയി. നിർവ്വഹണ ഉദ്യോഗസ്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റായോ എന്ന് യഥാസമയം ഉറപ്പാക്കാതിരുന്നതിനാലാണ് തുക നഷ്ടപ്പെട്ടത്. ടി ഗുണഭോക്താവിന് അർഹമായ തുക നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭാവിയിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കേണ്ടതാണ്.

**<u>1-16 ഐ കെ എം ന് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല</u>**

പ്രോജക്ട് നം. - S0003/24

പ്രോജക്ടിന്റെ പേര് - ഐ കെ എം ന് വിഹിതം നൽകൽ

നിർവ്വഹണം - സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്ന് 80000/- രൂപ (BRN 2016600168295/06.06.23) ഇൻഫർമേഷൻ കേരള മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (14/09.07.24) മറുപടി ലഭിച്ചില്ല. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 80000/- രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ലൈഫ്- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ടിന്റെ പേര്-ലൈഫ് ഭവനനിർമ്മാണം (പട്ടികജാതി വിഭാഗം)

പ്രോജക്ട് നം. -S0022/23 – 24

അടങ്കൽ തുക-3595000

ചെലവഴിച്ച തുക- 3595000/-

ലൈഫ് ഭവനപദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട താഴപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി /തുടങ്ങിയതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | നൽകിയ തുക | ബിൽ നം./തീയതി | പണി പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|
| 1 | ബിന്ദു രവി,കരിത്തറ, തോട്ടുവാത്തല നെടുമുടി | 40000/20-11-23 | ബി.ആർ.എൻ നം. 23604520169008112724/ 20-11-23 | അടിത്തറ പൂർത്തീകരിയ്ക്കുന്നു |
| 2 | ശരൺ കുമാർ.എം.കെ (പൊന്നമ്മ എം.കെ), മണ്ണാട കരിച്ചിറ,നെടുമുടി | 40000/24-06-23 | ബി.ആർ.എൻ നം. 2360452016900237497/ 24-06-23 | അടിത്തറ പണി ആരംഭിച്ചിട്ടുണ്ട് |
| 3 | ലീല മണ്ണാട കരിച്ചിറ, നെടുമുടി | 40000/24-06-23 | ബി.ആർ.എൻ നം. 2360452016900237497/ 24-06-23 | അടിത്തറ പൂർത്തീകരിച്ചു |
| 4 | തങ്കച്ചി രാജു, കാട്ടുച്ചിറ കോളനി തോട്ടുവാത്തല, കൈപ്പള്ളി നെടുമുടി | 40000/24-03-24 | ബി.ആർ.എൻ നം. 2360452016901517078/ 24-03-24 | മാർച്ച് അവസാനമാണ് തുക നൽകിയത്, പണി ആരംഭിച്ചിട്ടുണ്ട് |
| 5 | ജനാർദ്ദനൻ.പി.ജി, കൊച്ചുപുരയ്ക്കൽ,നടുഭാഗം | 40000/20-11-23 | ബി.ആർ.എൻ നം. 23604520169008112724/ 20-11-23 | അടിത്തറ പണി ആരംഭിച്ചിട്ടുണ്ട് |
| 6 | അനൂജ.കെ,ലക്ഷം വീട്,നടുഭാഗം,ചമ്പക്കുളം | 40000/16-12-23 | സാങ്ഷൻ ഓർഡർ നം. 163/16-2-23 | അടിത്തറ പണി ആരംഭിച്ചിട്ടുണ്ട് |

ഭവനപദ്ധതി പൂർത്തീകരിയ്ക്കാത്ത/തുടങ്ങാത്ത ഗുണഭോക്താക്കൾക്ക് നേരിട്ടും നോട്ടീസ് മുഖേനയും ഭവനനിർമ്മാണം തുടങ്ങേണ്ടതാണെന്നും, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അറിയിക്കാനുള്ള നടപടികൾ സ്വീകരിയേ്ക്കണ്ടതാണ്, കൂടാതെ ഭരണസമിതി ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളുടെയും വാർഡ് സമിതികളുടെയും സഹകരണത്തോട് കൂടി ആവശ്യമായ സഹായങ്ങൾ നൽകി ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ നടപടികൾക്ക് ശേഷവും ഗൃഹനിർമ്മാണം തുടങ്ങാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പലിശസഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയേ്ക്കണ്ടതാണ്. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 10/08-07-23)

**1-18 മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗ്രാവൽ ഉപയോഗിച്ചുള്ള മൺപ്രവൃത്തികൾ മാത്രമാകുന്നു - ദീർഘ കാല അടിസ്ഥാനത്തിലുള്ള ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല -**

2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 2,49,29,369/- രൂപ അടങ്കലിന് പദ്ധതി തയ്യാറാക്കുകയും, 94,46,272/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 5540517/- രൂപയും ഗ്രാവലും ക്വാറിമക്കും ഇട്ട് റോഡ് നിർമ്മിക്കുന്ന 16 റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് ഈ മേഖലയിൽ ചെലവഴിക്കപ്പെട്ട തുകയുടെ 58.65% ഉം ആവർത്തന ചെലവുകളായി കാലാകാലങ്ങളിൽ ഫണ്ട് ചെലവഴിക്കപ്പെടേണ്ടുന്ന ഗ്രാവൽ റോഡ് നിർമ്മാണത്തിനാണ്. കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങൾ പോലെ വർഷത്തിൽ ഭൂരിഭാഗം സമയവും വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന നെടുമുടി പഞ്ചായത്തിൽ, കാലവർഷം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ ഇപ്രകാരം ഗ്രാവൽ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ ഗ്രാവൽ ഒഴുകിപ്പോയി നശിച്ചു പോകുവാനുള്ള സാധ്യത വളരെയേറെയാണ്. അതുകൊണ്ട് തന്നെ ദീർഘകാലാടിസ്ഥാനത്തിലുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് ഇപ്രകാരം ചെലവഴിക്കപ്പെടുന്ന തുകകൾ ഉപയോഗപ്പെടുന്നില്ല. റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നത് മൂലം പുതിയ നിർമ്മാണം എന്ന നിലയിൽ പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയാത്തതിനാലാണ് ഈ രീതിയിലുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചിട്ടുള്ളത്. നെടുമുടി ഗ്രാമ പഞ്ചായത്ത് പോലെ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിൽ, കോൺക്രീറ്റ് റോഡുകൾക്കോ, ടാർ റോഡുകൾക്കോ ആയി തുക ചെലവഴിക്കപ്പെട്ടിരുന്നുവെങ്കിൽ ആയത് ദീർഘകാലം ഈടു നിൽക്കുന്ന ആസ്തി നിർമ്മാണത്തിന് ഉപകരിക്കുകയും, വർഷാവർഷം ഇപ്രകാരം റോഡ് പുനരുദ്ധാരണത്തിന് പണം ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കാനും, ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട, ദീർഘകാലം നിലനിൽക്കുന്ന റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗ പ്രദമാകുകയും ചെയ്തേനേ. സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയെ സമീപിച്ച് , ഈ പ്രദേശത്തെ പ്രത്യേക സാഹചര്യം ബോധ്യപ്പെടുത്തി, ഈ പഞ്ചായത്തിൽ കോൺക്രീറ്റ് / ടാർ റോഡുകളുടെ നിർമ്മാണത്തിന് കൂടി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-19 കമ്മിറ്റി തീരുമാനം പ്രകാരം അധികം അനുവദിച്ച കാലാവധിയ്ക്കുള്ളിലും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കിയില്ല-**

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഒന്നും തന്നെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഇവയിൽ ഭൂരിഭാഗം പ്രവൃത്തികളും, 08/23 ൽ 6 മാസ കാലാവധി വെച്ചാണ് കരാർ വെച്ചിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 03-02-24 ലെ 2-ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റ അടിസ്ഥാനത്തിൽ, കരാർ കാലാവധി 31-03-24 വരെ നീട്ടി നൽകിയിരിക്കുകയാണ്. കാലാവധി നീട്ടി നൽകുന്നതിന്റെ കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത് 18-10-23 ൽ ഫണ്ട് റീ-അലോക്കേഷൻ നടത്തിയത് മൂലമെന്നാണ്. പല പ്രവൃത്തികളിലും, കരാറുകാരൻ ആവശ്യപ്പെട്ട അധിക കാലാവധി കഴിഞ്ഞും, അതുപോലെ കമ്മിറ്റി തീരുമാന പ്രകാരം ദീർഘിപ്പിച്ചു നൽകിയ തീയതിക്കു ശേഷവുമാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. മാത്രവുമല്ല, 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, ആദ്യ തവണ പൂർത്തീകരണ കാലാവധിയുടെ 25% വരെയും രണ്ടാം തവണ 25% ഉം (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഇവിടെ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള കാലാവധിയെക്കാൾ അധികം കാലയളവിലേക്ക്

പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. മാത്രവുമല്ല, കമ്മിറ്റി തീരുമാനം പ്രകാരമുള്ള/ കരാറുകാരൻ ആവശ്യപ്പെട്ട തീയതിയെക്കാൾ അധിക കാലയളവിലേക്കും പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ഇപ്രകാരം നീട്ടി നൽകിയ കാലയളവിലേയ്ക്ക് പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കിയിട്ടില്ല. തന്മൂലം ചുവടെ ചേർക്കും പ്രകാരം കരാറുകാരന് തുക അധികം നൽകുവാനിടയായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം., കരാർ നം., കരാറുകാരൻ, വൌച്ചർ നം/ചെക്ക് നം, തീയതി, തുക, അളവ് പുസ്തകം. | പൂർത്തീകരണ കാലയളവ്/ കരാർ തുക | പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി/ പൂർത്തീകരിച്ച തീയതി | അധിക മായി എടുത്തത് | ഈടാക്കേണ്ട തുക (ഒരു ആഴ്ച 0.1% നിരക്കിൽ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | ഹരിദാസിന്റെ വീട് മുതൽ പടിഞ്ഞോട്ട് മണിമല മുട്ട് പാലം വരെ റോഡ് പുനരുദ്ധാരണം-W-1,S0083/24, 04/AE/LSGD/NDY/2023-24, Dt. 08-08-23, വർഗ്ഗീസ് റാം, 491423/-രൂപ – 20/23-24, Dt.19-03-24, MB-33574/2023 | 6 മാസം 838616/- | 07/02/24- 06/04/24 | 30 ദിവസം (07-03-23 മുതൽ) (4ആഴ്ച) | 3354/- രൂപ | കരാറുകാരന്റെ 05-02-24 ലെ കത്ത് പ്രകാരം അസ്സി. എൻജിനീയറോട് ഒരു മാസമാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളത്. അതായത് 07-03-23 വരെ. |
| 2. | ലിസ്യൂ കോൺവെന്റ് പാലം മുതൽ കിഴക്കേകര തെക്കോട്ട് റോഡ് പുനരുദ്ധാരണം-W-11,S0027/24, 10/AE/LSGD/NDY/2023-24, Dt.10-08-23, ഹരികൃഷ്ണൻ. 303992/-രൂപ – 12/23-24, Dt. 19-03-24,(പാർട്ട് ബിൽ) MB-30919/2023 | 6 മാസം 422334/- | 09/02/24 - 24-03-24 | 15 ദിവസം (09-03-23 മുതൽ) (2ആഴ്ച) | 844/- രൂപ | കരാറുകാരന്റെ 05-02-24 ലെ കത്ത് പ്രകാരം അസ്സി. എൻജിനീയറോട് ഒരു മാസമാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളത്. അതായത് 09-03-23 വരെ. |
| 3. | പാലത്ര ജോളിയമ്മയുടെ വസതി മുതൽ പടിഞ്ഞാറോട്ട് കവലയ്ക്കൽ ചിറ വരെ റോഡ് പുനരുദ്ധാരണം-W-14,S0035/24, | 6 മാസം 592004/- | 08/02/24- 19-03-24 | 47 ദിവസം (7ആഴ്ച) | 4144/- രൂപ | കരാറുകാരന്റെ 06-02-24 ലെ കത്ത് പ്രകാരം അസ്സി. എൻജിനീയറോട് 30-03-24 വരെയാണ് |

| | | | | | |
|---|---|---|---|---|---|
| | 07/AE/LSGD/NDY/2023-24, Dt.08-08-23, പി.ജെ.ജോസഫ്. 449058/-രൂപ -11/23-24, Dt.05-03-24, MB-33906/2023 | | | | കാലാവധി നീട്ടി നൽകുവാൻ ആവശ്യപ്പെട്ടി ട്ടുള്ളത്. എന്നാൽ ഫണ്ട് റീ-അലോക്കേഷൻ നടത്തിയത് മൂലം പൂർത്തീകരണം വൈകി എന്ന കാരണത്താൽ മേൽ തീരുമാനം പ്രകാരം കമ്മിറ്റി കാലാവധി നീട്ടി ക്കൊടുത്ത 10 പ്രവൃത്തികളിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. അപേക്ഷയിൽ കരാറുകാരന്റെ കാരണത്താലല്ല പൂർത്തീകരണം വൈകിയ തെന്നതും രേഖപ്പെടുത്തി യിട്ടില്ല. ആയതിനാൽ 08-02-24 മുതൽ പിഴ ഈടാക്കേണ്ട താണ്. |
| | | | ആകെ | 8342/-രൂപ | |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (4/28-06-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 8342/-/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## <u>1-20 നിർജ്ജീവമായിക്കിടക്കുന്ന എസ്സ്എസ്സ്എ അക്കൌണ്ടിൽ തുക വർഷങ്ങളായി തിരിച്ചടയ്ക്കാതെ അവശേഷിക്കുന്നു-</u>

2023-24 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ, ഷെഡ്യൂൾ -40 (B)യിൽ നീക്കിയിരുപ്പ് കാണിച്ചിട്ടുള്ള എസ്സ്ബിറ്റിയുടെ ചമ്പക്കുളം ശാഖയിൽ അക്കൌണ്ട് നം.6701091310-4 ആയി രേഖപ്പെടുത്തിയിട്ടുള്ള എസ്സ് എസ്സ് എ അക്കൌണ്ടിന്റെ പാസ്സ് ബുക്ക് പ്രകാരം, അവസാനമായി ഇടപാടു വിവരം രേഖപ്പെടുത്തിയ 25-01-19 ൽ 45438/- രൂപ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക നാളിതുവരെ തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/09-07-24) മറുപടിയായി, ബാങ്കുമായി ബന്ധപ്പെട്ടതിൽ ഇടപാടുകൾ ഇല്ലാത്തതിനാൽ ഈ അക്കൌണ്ട് നിലവിൽ നിർജ്ജീവമാണെന്നും, അത് ആക്ടിവേറ്റ് ചെയ്തതിന് ശേഷം തുക തിരിച്ചടയ്ക്കുന്നതാണെന്നും, വാക്കാൽ മറുപടി നൽകിയിട്ടുണ്ട്. വർഷങ്ങളായി

ചെലവഴിക്കാതെ കിടക്കുന്ന ഈ തുക പിൻവലിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തി അറിയിക്കേണ്ടതാണ്.

## 1-21 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ-ഒരു അവലോകനം-

### ഹരിത കർമ്മ സേനയുടെ ലക്ഷ്യം

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ ശുചിത്വവും നിലനിർത്തേണ്ടതും, പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ശാസ്ത്രീയ ശുചിത്വമാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ അതിരൂക്ഷമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

### ഹരിത കർമ്മ സേനയുടെ പ്രവർത്തനം

2018 ഒക്ടോബർ മാസമാണ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തുടങ്ങിയത്. ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ 14 എണ്ണത്തിൽ നിലവിൽ രണ്ട് വീതം ഹരിത കർമ്മ സേനാംഗങ്ങളെയാണ് നിയമിച്ചിട്ടുള്ളത്. 6-ാം വാർഡിൽ ഹരിത കർമ്മ സേനയില്ല. ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ (50/-രൂപ) നിന്നും വ്യാപാര സ്ഥാപനങ്ങളിൽ (100/-രൂപ) നിന്നും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

### പരിശീലനം

ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക്കിന്റെ ദൂഷ്യ വശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയ്ൻ, ജൈവ, അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുന്നതിനുള്ള പരിശീലനം എന്നിവ നൽകിയിരുന്നു. പിന്നീട് നാളിതുവരെ പരിശീലനമൊന്നും ലഭിച്ചിട്ടില്ല.

### മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 4609 വീടുകളും 272 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഏകദേശം 4337 വീടുകളും 237 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. സ്ഥിരമായി അടഞ്ഞു കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴികെ ഏകദേശം 605 വീടുകളും 17 സ്ഥാപനങ്ങളും യൂസർ ഫീ നൽകുന്നില്ല. ഓരോ മാസവും ഏകദേശം പ്രതിമാസം 3.5 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ

വേർതിരിക്കുകയും ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. എന്നാൽ നിലവിൽ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ മാത്രമാണ് ഹരിത കർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്നത്. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് പ്ലാനറ്റ് എർത്ത് ഇക്കോ സൊല്യൂഷൻസ് (പ്രൈവറ്റ്) ലിമിറ്റഡ് കമ്പനിയ്ക്ക് നൽകുന്നതിലൂടെ ഓരോ മാസവും ശരാശരി 75000/- രൂപയുടെ വരുമാനം ലഭിക്കുന്നു.

**<u>മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യങ്ങളില്ല</u>**

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള താല്ക്കാലിക സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ ട്രോളികൾ ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുണ്ട്. വാർഡ് തലത്തിൽ മിനി എം.സി.എഫുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നത് എം.സി.എഫ് വാടക കെട്ടിടമാണ്. ഓരോ വാർഡിൽ നിന്നും ശേഖരിക്കുന്ന മാലിന്യം പ്രധാന എം.സി.എഫ് കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിനായി ഹരിതകർമ്മസേനയ്ക്ക് വാഹനമില്ലാത്തത് അപര്യാപ്തതയാണ്.

**<u>കളക്ഷൻ സെന്ററുകളുടെ അപര്യാപ്തത</u>**

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം രണ്ടര ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇവ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ പഞ്ചായത്ത് ഒരുക്കി നൽകിയിട്ടില്ല. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്ത് തലത്തിൽ 2 താൽക്കാലിക എം.സി.എഫും മാത്രമാണുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 12.08.2020-ലെ സ.ഉ (സാധാ) നം.1496/2020/ ത.സ്വ.ഭ.വ തീയതി പ്രകാരം കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നെടുമുടി പഞ്ചായത്തിലെ താൽക്കാലിക എം.സി.എഫ് ന് പരിമിതമായ സൗകര്യമാണുള്ളത്. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ വാർഡിലും കുറഞ്ഞത് രണ്ട് മിനി എം.സി.എഫുകളും ജനസംഖ്യ അടിസ്ഥാനത്തിൽ മതിയായ വിസ്തീർണ്ണമുള്ള പ്രധാന എം.സി.എഫ് കേന്ദ്രവും ആവശ്യമാണ്.



വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്

**<u>കൺസോർഷ്യത്തിന്റെ പ്രവർത്തനം</u>**

പഞ്ചായത്തിലെ 28 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ കീഴിൽ വരുന്ന ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ

ഓഫീസർ സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. ഹരിത കർമ്മ സേന അംഗങ്ങളായ ശ്രീമതി ഷീന സന്തോഷ്, ശ്രീമതി ശാലിനി എന്നിവരാണ് കൺസോർഷ്യത്തിന്റെ നിലവിലെ പ്രസിഡന്റും സെക്രട്ടറിയും. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിന്റെ നേതൃത്വത്തിൽ ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ബാക്കി തുക അംഗങ്ങൾക്ക് തുല്യമായി വീതിച്ചു നൽകുകയും ചെയ്യുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 8000/- രൂപ വേതനം ലഭിക്കുന്നു. കൺസോർഷ്യത്തിന്റെ കേരളാ ബാങ്കിന്റെ അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരുപ്പ് 457276/- രൂപയാണ്. ടി തുകയിൽ നിന്നും അംഗങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസ്, താല്ക്കാലിക വായ്പ എന്നിവ നൽകി വരുന്നു.

**<u>കൺസോർഷ്യം മുഖേനയുളള സംരംഭക യൂണിറ്റുകൾ</u>**

അംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി വിവിധ ചടങ്ങുകൾക്ക് ആവശ്യമായ പാത്രങ്ങൾ വാടകയ്ക്ക് നൽകുന്ന സംരംഭം ആരംഭിച്ചിട്ടുണ്ട്.

**<u>ഓഡിറ്റിന്റെ നിഗമനം/ശുപാർശ</u>**

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണീറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

B) എല്ലാ വാർഡുകളിലും ഹരിത കർമ്മ സേനയെ നിയമിക്കുക, ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.

C) ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ച് ഓരോ വാർഡിലും ആവശ്യമായ എണ്ണം മിനി എം.സി.എഫുകളും പഞ്ചായത്ത് തലത്തിൽ സംഭരണ ശേഷി കൂടിയ എം.സി.എഫും സ്ഥാപിക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

D) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. തുണി സഞ്ചികൾ, പേപ്പർ ക്യാരി ബാഗുകൾ എന്നിവയുടെ ഉൽപ്പാദനവും ഉപയോഗവും പരമാവധി പ്രോത്സാഹിപ്പിക്കുക.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

### <u>2-1 ഫ്യുവൽ സ്റ്റേഷന്റെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തുന്നില്ല-19,805/- രൂപയുടെ വരുമാന നഷ്ടം</u>

ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതി ചുമത്തിയത ക്രമപ്രകാരമല്ല. സെയിൽറൂമിനെ മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയെയും വസ്തുനികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കി.

പെട്രോൾ പമ്പുകളുടെ കനോപ്പി ഏരിയ വസ്തു നികുതി കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണെന്ന് കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് നല്കിയ WP(C) No.24944/2003 കേസിന്മേൽ ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. SRO-

നമ്പർ-479/2023 സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളെ വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 100 ച:മീറ്ററിന് മുകളിൽ 500 ച:മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 69/- രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിൽ ശ്രീ.ശിവപ്രകാശ്.കെ.ആർ, എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 2023-24 വർഷത്തിൽ പ്രവർത്തനം ആരംഭിച്ച ചിത്രാ ഫ്യുവൽസ് (കെട്ടിട നം: 11/341C) എന്ന ഫ്യുവൽ സ്റ്റേഷന്റെ യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയേയും വസ്തുനികുതി അസസ്സ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി നികുതി ചുമത്തുന്നില്ലായെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-07/23-24 തീയതി-02-06-24) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) സ്ഥല പരിശോധന നടത്തി ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി 208 ച:മീറ്ററാണെന്ന് രേഖാമൂലം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 100 ച:മീറ്ററിന് മുകളിൽ 500 ച:മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട 69/- രൂപ നിരക്കിൽ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ 19,805/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| | കനോപ്പി ഏരിയയ്ക്കു അധികമായി ഇടാക്കേണ്ട നികുതി |
|---|---|
| അടിസ്ഥാന വസ്തുനികുതി | $208^{m2}$ @69 = 14,352/- |
| വഴി സൌകര്യം | (+) 2,870<br>(20% വർദ്ധനവ്) |
| നികുതി | 17,222/- |
| ലൈബ്രറി സെസ് 5% | (+) 861 |
| സർവീസ് ചാർജ്ജ് 10% | (+) 1722 |
| ആകെ | 19,805/- |

2023-24 ൽ ഫ്യുവൽ സ്റ്റേഷന്റെ ഓഫീസ് കെട്ടിടത്തിന്റെ മാത്രം വസ്തുനികുതിയാണ് അസസ്സ് ചെയ്ത് നികുതി ഈടാക്കിയത്. 2023-24 ൽ നികുതി അസസ്സ് ചെയ്ത ടി ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി കണക്കാകാതെ വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് 19,805/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. തൽസ്ഥിതി തുടർന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റിൽ 2023-24 വർഷത്തെ വസ്തുനികുതിയുടെ 5% മാത്രമാണ് സഞ്ചയയിൽ വർദ്ധനവ് ഉണ്ടാകുകയുള്ളൂ. അസെസ്മെന്റ് കൃത്യമാക്കാതെ മുന്നോട്ട് പോയാൽ മുൻ സാമ്പത്തിക വർഷം ഈടാക്കിയ തുകയുടെ 5% വർദ്ധനവ് മാത്രമേ പഞ്ചായത്തിനു സഞ്ചയയിൽ ഡിമാന്റാവുകയുള്ളു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:8/06.07.24) ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി അസസ്സ് ചെയ്ത് 2023-24 വർഷം കുറവ് വന്ന തുക ഉടമസ്ഥനിൽ നിന്നും ഡിമാന്റ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് അധികമായി ഇടാക്കേണ്ട തുക ഡിമാന്റ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കമ്മിറ്റി തീരുമാനം പ്രകാരം അധികം അനുവദിച്ച കാലാവധിയ്ക്കുള്ളിലും പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് നിയമാനുസൃത നഷ്ടപരിഹാരം ഈടാക്കിയില്ല-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഒന്നും തന്നെ കരാർ പ്രകാരമുള്ള പൂർത്തീകരണ തീയതിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഇവയിൽ ഭൂരിഭാഗം പ്രവൃത്തികളും, 08/23 ൽ 6 മാസ കാലാവധി വെച്ചാണ് കരാർ വെച്ചിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 03-02-24 ലെ 2-ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റ അടിസ്ഥാനത്തിൽ, കരാർ കാലാവധി 31-03-24 വരെ നീട്ടി നൽകിയിരിക്കുകയാണ്. കാലാവധി നീട്ടി നൽകുന്നതിന്റെ കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത് 18-10-23 ൽ ഫണ്ട് റീ-അലോക്കേഷൻ നടത്തിയത് മൂലമെന്നാണ്. പല പ്രവൃത്തികളിലും, കരാറുകാരൻ ആവശ്യപ്പെട്ട അധിക കാലാവധി കഴിഞ്ഞും, അതുപോലെ കമ്മിറ്റി തീരുമാന പ്രകാരം ദീർഘിപ്പിച്ചു നൽകിയ തീയതിക്കു ശേഷവുമാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. മാത്രവുമല്ല, 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, ആദ്യ തവണ പൂർത്തീകരണ കാലാവധിയുടെ 25% വരെയും രണ്ടാം തവണ 25% ഉം (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ദീർഘിപ്പിച്ചു നൽകാവുന്നതാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഇവിടെ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള കാലാവധിയെക്കാൾ അധികം കാലയളവിലേക്ക് പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. മാത്രവുമല്ല, കമ്മിറ്റി തീരുമാനം പ്രകാരമുള്ള/ കരാറുകാരൻ ആവശ്യപ്പെട്ട തീയതിയെക്കാൾ അധിക കാലയളവിലേക്കും പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ഇപ്രകാരം നീട്ടി നൽകിയ കാലയളവിലേയ്ക്ക് പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ ലികിഡേറ്റഡ് ഡാമേജ് ആയി ഈടാക്കിയിട്ടില്ല. തന്മൂലം ചുവടെ ചേർക്കും പ്രകാരം കരാറുകാരന് തുക അധികം നൽകുവാനിടയായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം., കരാർ നം., കരാറുകാരൻ, വൌച്ചർ നം/ചെക്ക് നം, തീയതി, തുക, അളവ് പുസ്തകം. | പൂർത്തീകരണ കാലയളവ്/ കരാർ തുക | പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി/ പൂർത്തീകരിച്ച തീയതി | അധിക മായി എടുത്തത് | ഈടാക്കേണ്ട തുക (ഒരു ആഴ്ച 0.1% നിരക്കിൽ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | ഹരിദാസിന്റെ വീട് മുതൽ പടിഞ്ഞാട്ട് മണിമല മുട്ട് പാലം വരെ റോഡ് പുനരുദ്ധാരണം-W-1,S0083/24, 04/AE/LSGD/NDY/2023-24, Dt. 08-08-23, വർഗ്ഗീസ് റാം, 491423/-രൂപ – 20/23-24, Dt.19-03-24, MB-33574/2023 | 6 മാസം 838616/- | 07/02/24- 06/04/24 | 30 ദിവസം (07-03-23 മുതൽ) (4ആഴ്ച) | 3354/- രൂപ | കരാറുകാരന്റെ 05-02-24 ലെ കത്ത് പ്രകാരം അസ്സി. എൻജിനീയറോട് ഒരു മാസമാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളത്. അതായത് 07-03-23 വരെ. |
| 2. | ലിസ്യൂ കോൺവെന്റ് പാലം മുതൽ കിഴക്കേകര തെക്കോട്ട് റോഡ് പുനരുദ്ധാരണം-W-11,S0027/24, | 6 മാസം 422334/- | 09/02/24 - 24-03-24 | 15 ദിവസം (09-03-23 മുതൽ) (2ആഴ്ച) | 844/- രൂപ | കരാറുകാരന്റെ 05-02-24 ലെ കത്ത് പ്രകാരം അസ്സി. എൻജിനീയറോട് ഒരു മാസമാണ് |

| | | | | | | |
|---|---|---|---|---|---|---|
| | 10/AE/LSGD/NDY/2023-24, Dt.10-08-23, ഹരികൃഷ്ണൻ. 303992/-രൂപ – 12/23-24, Dt. 19-03-24,(പാർട്ട് ബിൽ) MB-30919/2023 | | | | | അധികമായി ആവശ്യപ്പെട്ടി ട്ടുള്ളത്. അതായത് 09-03-23 വരെ. |
| 3. | പാലത്ര ജോളിയമ്മയുടെ വസതി മുതൽ പടിഞ്ഞാറോട്ട് കവലയ്ക്കൽ ചിറ വരെ റോഡ് പുനരുദ്ധാരണം-W-14,S0035/24, 07/AE/LSGD/NDY/2023-24, Dt.08-08-23, പി.ജെ.ജോസഫ്. 449058/-രൂപ -11/23-24, Dt.05-03-24, MB-33906/2023 | 6 മാസം 592004/- | 08/02/24-19-03-24 | 47 ദിവസം (7ആഴ്ച) | 4144/- രൂപ | കരാറുകാരന്റെ 06-02-24 ലെ കത്ത് പ്രകാരം അസ്സി. എൻജിനീയറോട് 30-03-24 വരെയാണ് കാലാവധി നീട്ടി നൽകുവാൻ ആവശ്യപ്പെട്ടി ട്ടുള്ളത്. എന്നാൽ ഫണ്ട് റീ-അലോക്കേഷൻ നടത്തിയത് മൂലം പൂർത്തീകരണം വൈകി എന്ന കാരണത്താൽ മേൽ തീരുമാനം പ്രകാരം കമ്മിറ്റി കാലാവധി നീട്ടി ക്കൊടുത്ത 10 പ്രവൃത്തികളിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. അപേക്ഷയിൽ കരാറുകാരന്റെ കാരണത്താലല്ല പൂർത്തീകരണം വൈകിയ തെന്നതും രേഖപ്പെടുത്തി യിട്ടില്ല. ആയതിനാൽ 08-02-24 മുതൽ പിഴ ഈടാക്കേണ്ട താണ്. |
| | | | | ആകെ | 8342/-രൂപ | |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (4/28-06-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 8342/-/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023/24 | 138500 | അനുപൂരക പോഷക ആഹാരം | 1,38,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2023/24 | 280000 | ലൈഫ് മിഷൻ | 2,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023/24 | 162500 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,62,500 | 0 |
| ജില്ലാ ാപഞ്ചായത്ത് | 2023/24 | 75480 | പാലിയേറ്റീവ് കെയർ | 75,480 | |
| | ആകെ | 656480 | | 656480 | |
| ബ്ലോക്ക് പഞ്ചായത്ത് | 2023/24 | 264450 | പാലിയേറ്റീവ് കെയർ | 2,64,450 | 0 |
| | 2023/24 | 300000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,00,000 | 0 |
| | 2023/24 | 145624 | അനുപൂരക പോഷക ആഹാരം | 1,45,624 | 0 |
| | 2023/2024 | 1780000 | ലൈഫ് മിഷൻ – ജനറൽ | 17,80,000 | 0 |
| | ആകെ | | | 24,90,074 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 26,80,000/-രൂപ വരവും 34,10,000/- രൂപ ചിലവഴിച്ചിട്ടുമുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം | GO(M)S NO 68/2018/LSGD | 15181292-OB) + 2680000= 17861292 | 15181292/- | 1851196/- | 0 | 16010096/- | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 3,40,40,609 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,72,52,619 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 19,805 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8342 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 317856/- |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 19,805 | - | ശ്രീ.ബിജു കെ, സെക്രട്ടറി |
| 3-1 | - | 8342 | ഡോ. രശ്മി എസ്, അസിസ്റ്റന്റ് എൻജിനീയർ |
| **ആകെ** | **19,805** | 8,342 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 69550/- | ഡോ.നജുമുദ്ദീൻ, മെഡിയ്ക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-14 | 8306/- | ഡോ. ധന്യ സി., മെഡിക്കൽ ഓഫീസർ ആയുർവ്വേദം |

| | | |
|---|---|---|
| 1-15 | 1,60,000/- | ശ്രീമതി. സുമ പി., വി ഇ ഒ, നെടുമുടി സൗത്ത് |
| 1-16 | 80000/- | ശ്രീ.ബിജു കെ, സെക്രട്ടറി |
| **ആകെ** | 317856/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു കെ, സെക്രട്ടറി | സെക്രട്ടറി, നെടുമുടി ഗ്രാമപഞ്ചായത്ത് | ഗോകുലം, സനാതനപുരം.പി.ഒ, ആലപ്പുഴ |
| ഡോ. ധന്യ സി. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഭദ്രം, പുന്നപ്ര നോർത്ത് പി ഒ, ആലപ്പുഴ |
| ശ്രീമതി സുമ പി. | വി ഇ ഒ ,നെടുമുടി സൗത്ത് | പട്ടാലയം, നോർത്ത് ആര്യാട് പി ഒ, ആലപ്പുഴ |
| ഡോ.നജുമുദ്ദീൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിയ്ക്കൽ ഓഫീസർ (സി.എച്ച്.സി) | അറാഫാ കോട്ടേജ്, വടശ്ശേരി കോണം,വർക്കല, പിൻ-695413 |
| ഡോ. രശ്മി എസ്, അസിസ്റ്റന്റ് എൻജിനീയർ. | അസിസ്റ്റന്റ് എൻജിനീയർ, നെടുമുടി ഗ്രാമ പഞ്ചായത്ത്. | മേട്ടുതറയിൽ, രാമപുരം, കീരിക്കാട് പി.ഒ., ആലപ്പുഴ. |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97<br>2005-06 | എൽ.എഫ്.ജി.എ5/832/2011/31.01.2012<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07, 2007-08 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2009-10 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2010-11, 2011-12 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2012-13, 2013-14 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |

| | |
|---|---|
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി1/361/2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി1/743/2022/16.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി1/1729/2022/23.02.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി1/1063/2023/03.10.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 31-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nedumudi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nedumudi Grama Panchayat as on 31-03-2024

**Date: 07/08/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Nedumudi Grama Panchayat for the Year 2023-2024.

**1.Major Observations**

**2.Other Observations**

1.Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.

2.The following registers are do not match with AFS.

1).DCB Report from Sanchaya software

2).ACR of Development Fund (S C P)

3.DCB of Auction Register

4.Monthly balance of demand registers not reconciled with ledger balance.

5.Lapses in making timely and accurate demand entries in respect of tax and non tax revenue.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്